പേജ് 20 വില 7.00

# പ്രതിച്ഛായ

www.pratichaya.com

●വാല്യം 3 ●ലക്കം 3 ● എല്ലാ ബുധനാഴ്ചയും പ്രസിദ്ധീകരിക്കുന്നു ● 7 ഒക്ടോബർ 2009

## വിശുദ്ധപശു വിവാദം

# മണി മുഴങ്ങുന്നത് ആർക്കുവേണ്ടി ?

ഡോ. കുര്യാസ് കുമ്പളക്കുഴി

ഇന്ത്യയുടെ വിദേശകാര്യ സഹമന്ത്രി ശശി തരൂർ അന്താരാഷ്ട്ര പ്രശസ്തനായ ഒരെഴുത്തുകാരനാണ്. ഐക്യരാഷ്ട്രസഭയുടെ അണ്ടർ സെക്രട്ടറി ജനറലായി ദീർഘകാലം പ്രവർത്തിച്ച് അനുഭവജ്ഞാനം ഉള്ള വ്യക്തിയാണ്. വിപുലമായ സുഹൃദ്വലയത്തിന്റെ ഉടമയാണ്.

ഐക്യരാഷ്ട്രസഭയുടെ സെക്രട്ടറി ജനറൽ സ്ഥാനത്തേക്കു മത്സരിച്ച തരൂർ വിജയം കണ്ടില്ല. അതുകൊണ്ടദ്ദേഹം ജോലി വിട്ടു സ്വന്തം നാട്ടിലേക്കുമടങ്ങി. അന്താരാഷ്ട്ര വിഷയങ്ങളിൽ അദ്ദേഹത്തിനുള്ള അനുഭവസമ്പത്തും പരിജ്ഞാനവും ഇന്ത്യയ്ക്കു മുതൽകൂട്ടാകണം എന്ന ദീർഘവീക്ഷണത്തോടെയാണു കോൺഗ്രസ് ഹൈക്കമാണ്ട് അദ്ദേഹത്തെ കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയാക്കിയതും വിജയിപ്പിച്ചതും തുടർന്നു മന്ത്രിസഭാംഗമാക്കിയതും.

ശശി തരൂരിന്റെ ഗ്രന്ഥങ്ങളിൽ


ഡോ. മൻമോഹൻസിംഗ്


സോണിയാ ഗാന്ധി

ഇന്ദിരാഗാന്ധിക്കും രാജീവ്ഗാന്ധിക്കും സോണിയാഗാന്ധിക്കും എതിരെ വിമർശനാത്മകമായ പരാമർശങ്ങളുണ്ട്. അതൊക്കെ അറിഞ്ഞുകൊണ്ടുതന്നെയാണു കോൺഗ്രസ് നേതൃത്വം അദ്ദേഹത്തെ രാഷ്ട്രീയത്തിലേക്കും അവിടെ നിന്ന് അധികാരക്കസേരയിലേക്കും എത്തിച്ചത്. ഇതൊന്നും ഇഷ്ടപ്പെടാത്ത കോൺഗ്രസ് നേതാക്കളും പ്രവർത്തകരും ധാരാളമുണ്ടാവുക സ്വാഭാവികം. ദീർഘകാലമായി രാഷ്ട്രീയരംഗത്തു പ്രവർത്തിച്ചുകൊണ്ടിരുന്ന തങ്ങളെയെല്ലാം മറികടന്ന്, ഇന്നലെ ഇവിടെ വിമാനമിറങ്ങിയ ഒരു സീനിയർ ബ്യൂറോക്രാറ്റ് പാർലമെണ്ടിലേക്കും കാബിനറ്റിലേക്കും ഓടിക്കയറുന്നതു കണ്ടു കൈയടിക്കാൻ രാഷ്ട്രീയ പ്രവർത്തനം ഒരു കാരുണ്യപ്രവൃത്തിയൊന്നുമല്ലല്ലൊ!

അതുകൊണ്ടു തന്നെ ഇത്തരത്തിലൊരാൾ ആപത്തിൽപെടുമ്പോൾ കണ്ടുനിന്നു ചിരിക്കാൻ ഏറെപ്പേരുണ്ടാകും. ഒപ്പം, ഫലിക്കുമെങ്കിൽ ഫലിക്കട്ടെ എന്ന മട്ടിൽ കുറച്ച് ഏഷണിയും ദുർവ്യാഖ്യാനങ്ങളും പടച്ചുവിടാൻ അവരിൽ ചിലർ ശ്രമിക്കുകയും ചെയ്യും. ഇതൊക്കെത്തന്നെയാണ് ഇപ്പോൾ ശശി തരൂർ ചെന്നുപെട്ട 'കന്നുകാലി ക്ലാസ് വിശുദ്ധപശു വിവാദ'ത്തിന്റെ കാര്യത്തിൽ സംഭവിച്ചതും.

മാധ്യമങ്ങളാവട്ടെ ഇരകാത്തിരിക്കുന്ന വേട്ടമൃഗങ്ങളെപ്പോലെയാണ്. രാഷ്ട്രീയത്തിന്റെ കുറ്റിക്കാട്ടിൽ നിന്ന് എന്തെങ്കിലുമൊന്നു പുറത്തു ചാടിയാൽ മതി, ആർത്തിയും ആവേശവും നിറഞ്ഞ കൂട്ടയോട്ടം ആരംഭിക്കുകയായി. അല്ലെങ്കിൽ ശശി തരൂർ പറഞ്ഞ നിർദോഷമായ ഒരു ഫലിതത്തിന്റെ പേരിൽ ഇത്രയെല്ലാം കോലാഹലമുണ്ടാവുമായിരുന്നോ?


പ്രണബ് കുമാർ മുഖർജി

കമ്യൂണിറ്റി വെബ്സൈറ്റ് ടിറ്ററിൽ സെപ്റ്റംബർ 16നു പ്രത്യക്ഷപ്പെട്ട ഒരു സന്ദേശത്തിൽ തരൂർ ഉപയോഗിച്ച 'കാറ്റിൽ ക്ലാസ്', 'ഹോളി കൗ' എന്നീ പ്രയോഗങ്ങൾ കോൺഗ്രസിനെയും അതിന്റെ അധ്യക്ഷ സോണിയാഗാന്ധിയെയും രാഹുൽഗാന്ധി എംപിയെയും പരിഹസിക്കുന്നതാണെന്ന വ്യാഖ്യാനമാണു കുഴപ്പങ്ങളുടെ തുടക്കം. ചെലവുചുരുക്കലിന്റെ ഭാഗമായി വിമാനത്തിൽ സഞ്ചരിക്കുന്ന നേതാക്കൾ ചെലവുകൂടിയ ബിസിനസ് ക്ലാസിനുപകരം കുറഞ്ഞ ഇക്കോണമി ക്ലാസിൽ സഞ്ചരിക്കുന്നത് അഭികാമ്യമായിരിക്കുമെന്നൊരഭിപ്രായമുണ്ടായി. അതിന്റെ വെളിച്ചത്തിൽ സോണിയാഗാന്ധി അടുത്ത ദിവസം മുംബൈയിലേക്കു നടത്തിയ യാത്ര ഇക്കോണമി ക്ലാസിലായിരുന്നു. രാഹുൽഗാന്ധി വിമാനത്തിനു പകരം ട്രെയിനിലെ സെക്കൻഡ് ക്ലാസ് ചെയർകാറിലും യാത്രചെയ്തു. ഈ പശ്ചാത്തലമാണു ശശി തരൂരിന്റെ ഫലിതം ദുർവ്യാഖ്യാനം ചെയ്യപ്പെടാൻ സാഹചര്യമൊരുക്കിയത്.

തരൂരിന്റെ വിവാദപരാമർശം അദ്ദേഹം നേരിട്ടു നടത്തിയ ഒരു പ്രസ്താവനയായിരുന്നില്ല. സോണിയായുടെയും രാഹുലിന്റെയും മാതൃക സ്വീകരിച്ച്, ഇനി കേരളത്തിലേക്കു യാത്ര ചെയ്യുമ്പോൾ താങ്കളും കന്നുകാലി ക്ലാസിൽ യാത്ര ചെയ്യുമോ എന്ന ഒരു പത്രലേഖകന്റെ ചോദ്യത്തിന്, "തീർച്ചയായും, നമ്മുടെ എല്ലാ നല്ല ആശയങ്ങളോടും പൂർണമായി യോജിച്ചുകൊണ്ടു കാറ്റിൽ ക്ലാസിൽ യാത്ര ചെയ്യും" (Absolutely, in cattle class out of solidarity with all our holy cows ! ) എന്നു തരൂർ മറുപടി നല്കിയതേ ഉള്ളൂ.


ശശി തരൂർ

2 >>




*അനുസ്മരണം*



വി.കെ.കൃഷ്ണമേനോൻ (1896–1974) 14

*മുഖപ്രസംഗം*
ക്രമസമാധാനനിലയെങ്കിലും ഭദ്രമായിരുന്നെങ്കിൽ 2

*അവലോകനം*
ക്ഷാമകാലത്തെ പത്രവാർത്തകൾ
ബോബി കെ. മാത്യു 3

*രാഷ്ട്രീയകേരളം*
ചാവേറുകളും ഇടയുന്നു
സാബു ജോൺ 4

*കാഴ്ചവട്ടം*
ദൈവത്തെ പറ്റിക്കുന്നവർ! 5
പ്രൊഫ. മാടവന ബാലകൃഷ്ണപിള്ള

*കണ്ണിനും കണ്ണാടിക്കും*
അക്കാദമി അന്തർജനത്തോട് കാണിച്ചത്? 7
എസ്. കൃഷ്ണദാസ്

*സമകാലികം*
വിഭവവും വൈഭവവും മൂല്യവും
ജോസാന്റണി 9

*ഫ്ളാഷ്ബാക്ക്*
ഇന്നസെന്റുമൊത്ത് മൂന്നുമണിക്കൂർ
തേക്കിൻകാട് ജോസഫ് 12

*പതിമൂന്നാം പേജ്*
നാരദൻ
മൊഴിയും മറുമൊഴിയും
ചാണക്യൻ 13

*പുനരാഖ്യാനം*
മഹാഭാരതം
സവ്യസാചി 15

*ജർമൻ ഡയറി*
ജർമനിയിലെ കലാലയങ്ങൾ
ജോർജ് കുറ്റിക്കാട്ട് 17

ന്യൂസ് ഡയറി
പി.ആർ. 19

മറ്റു പംക്തികൾ

CYAN MAGENTA YELLOW BLACK

CYAN MAGENTA YELLOW BLACK

പ്രതിച്ഛായ
രാഷ്ട്രീയ സാംസ്കാരിക വാർത്താവാരിക
വാല്യം 3 ലക്കം 3
7 ഒക്ടോബർ 2009
ചീഫ് എഡിറ്റർ: പ്രൊഫ. ഡോ.കുര്യാസ് കുമ്പളക്കുഴി

*രാഷ്ട്രീയ പ്രവർത്തകർ സ്വയം വിശ്വസിക്കാത്തതുകൊണ്ട്*
*ജനങ്ങൾ അവരെ വിശ്വസിക്കുന്നത് കാണുമ്പോൾ ആശ്ചര്യപ്പെടുന്നു.*
*- ചാൾസ് ഡിഗാൾ*

# ക്രമസമാധാന നിലയെങ്കിലും ഭദ്രമായിരുന്നെങ്കിൽ

**ഒ**ടുവിൽ മുഖ്യമന്ത്രിക്കും ആ യാഥാർത്ഥ്യം അംഗീകരിക്കേണ്ടി വന്നു. നടക്കാൻ പാടില്ലാത്തതു പലതും കേരളത്തിൽ നടക്കുന്നുണ്ട്, ചില പോലീസ് ഉദ്യോഗസ്ഥരെങ്കിലും അഴിമതിക്കാരാണ് എന്നൊക്കെ. അതുതന്നെയാണ് മാധ്യമങ്ങൾ നിരന്തരം പറഞ്ഞുപോന്നത്. ജനങ്ങൾ കണ്ടും  വായിച്ചും മനസ്സിലാക്കിപ്പോന്നത്.

കേരളജനതയെയും കേരളഭരണത്തെയും കണക്കിനൊന്നു പരിഹസിക്കാൻ മാർക്സിസ്റ്റു പാർട്ടിയുടെ ശത്രുമുന്നണിയിൽ നില്ക്കുന്ന ഒരു മാധ്യമം തന്നെ എഴുതി നല്കിയ സർട്ടിഫിക്കറ്റു വാങ്ങി കേരളത്തിൽ എല്ലാം ഭദ്രം എന്ന് വിളറിയ ചിരി ചിരിക്കുന്ന ആഭ്യന്തരമന്ത്രി കോടിയേരി ബാലകൃഷ്ണന്റെ സാന്നിധ്യത്തിൽ തന്നെയാണു മുഖ്യമന്ത്രി സത്യം വെട്ടിത്തുറന്നു പറഞ്ഞത്. അതുകേട്ട് അപമാനത്തീയിൽ ആഭ്യന്തരമന്ത്രി പുളഞ്ഞിട്ടുണ്ടാവണം. ഉള്ളിൽ ചില കൂട്ടൽ കിഴിക്കലുകൾ നടത്തിയിട്ടുമുണ്ടാവണം.

ഇങ്ങനെയാണെങ്കിലും  രാജാവു നഗ്നനാണെന്നു വിളിച്ചു പറഞ്ഞ കുട്ടിയുടെ നിഷ്കളങ്കതയൊന്നും മുഖ്യമന്ത്രിക്കവകാശപ്പെടാനില്ല. രാജാവു വസ്ത്രരഹിതനായിരുന്നെങ്കിൽ മുഖ്യമന്ത്രി അല്പവസ്ത്രനാണ് എന്ന വ്യത്യാസമേയുള്ളൂ. തന്റെ മൂക്കിനുതാഴെ നടക്കുന്നതൊന്നും കണ്ടില്ലെന്നു നടിച്ചും ഭരണപരമായ എല്ലാ വീഴ്ചകളുടെയും ഉത്തരവാദിത്വം തനിക്കാണെന്ന കാര്യം വിസ്മരിച്ചും സ്വന്തം പാർട്ടിയിൽ നിന്നു തന്നെ നിരന്തരം  ഉണ്ടാവുന്ന അപമാനങ്ങളെല്ലാം അധികാരക്കൊതികൊണ്ടു മാത്രം ശിരസാവഹിച്ചും ഭരണസിരാകേന്ദ്രത്തിലെ വലിയ കസേരയിൽ അമർന്നിരിക്കുന്ന അദ്ദേഹം നിഷ്പക്ഷമതികളുടെ മനസ്സിൽ നിന്ന് എന്നേ കുടിയിറങ്ങിക്കഴിഞ്ഞു!

രാഷ്ട്രീയക്കാർ ജനങ്ങളെ കബളിപ്പിക്കുന്നു എന്ന സാമാന്യമായ ഒരു പരാതി എക്കാലത്തുമുണ്ടെങ്കിലും അതിത്രയ്ക്കും മൂർത്തമായ രൂപത്തിൽ പ്രത്യക്ഷപ്പെട്ട് ഒരു ജനതയെ മുഴുവൻ വിഡ്ഢികളാക്കുന്നത് ആദ്യമായാണ്. ആ ബഹുമതി ഇന്നത്തെ ഇടതുഗവൺമെണ്ടിനു തന്നെ.  ഭരകണകക്ഷികളും അധോലോകസംഘങ്ങളും തമ്മിലുള്ള അവിശുദ്ധ കൂട്ടുകെട്ടിനെപ്പറ്റിയുള്ള നാണംകെട്ട കഥകൾ കൊണ്ടു കേരളാന്തരീക്ഷം തന്നെ ദുർഗന്ധപൂരിതമല്ലേ? ഭരണകക്ഷികളുടെ മറവിൽ രണ്ടാംനിര,  മൂന്നാംനിര നേതാക്കൾ നടത്തുന്ന അഴിമതിക്കഥകൾക്ക് അതിരുണ്ടോ? സ്വന്തം പരാജയം മൂടിവയ്ക്കാനും സ്വന്തം പേരിലുള്ള അഴിമതികളിൽ നിന്നു ജനശ്രദ്ധ തിരിക്കാനും എതിരാളികൾക്കെതിരെ ആരോപണങ്ങൾ ഉന്നയിച്ചു കോലാഹലമുണ്ടാക്കുന്ന വൃഥാവ്യായാമങ്ങൾ തിരിച്ചറിയാൻ ജനങ്ങൾക്ക് കഴിയില്ലെന്നാണോ കരുതുന്നത്?

അഴിമതിക്കാരായ ഉദ്യോഗസ്ഥരെ അഴിമതി നിർമാർജന നീക്കങ്ങളുടെ ചുമതലക്കാരായി നിയമിക്കുന്നു. കൊലക്കേസിൽവരെ പ്രതിയായവരെ വിജിലൻസിൽ പ്രതിഷ്ഠിക്കുന്നു. മയക്കുമരുന്നുകേസുകളുമായി ബന്ധപ്പെട്ട് ആരോപണവിധേയരായവരെ മയക്കുമരുന്നു വേട്ടയ്ക്കു നിയോഗിക്കുന്നു! കള്ളനെ പിടിക്കാൻ കള്ളനെതന്നെ ചുമതലപ്പെടുത്തുന്ന ഈ അഭ്യാസങ്ങൾക്ക് അറുതിവരാത്തിടത്തോളം കാലം മുഖ്യമന്ത്രിക്ക് സ്വാസ്ഥ്യം കൊള്ളാനാവില്ല. നടക്കേണ്ടതു മാത്രം നടക്കുന്നു എന്നഭിമാനിക്കാനാവില്ല.

ഭരണവും സമരവും ഒരുമിച്ച് എന്ന വിചിത്രമായ സിദ്ധാന്തത്തിന്റെ പ്രായോഗിക പാഠങ്ങളെന്ന നിലയിൽ ഇടയ്ക്കിടെ നടക്കുന്ന കേന്ദ്രവിരുദ്ധ സമരങ്ങളിലൂടെയാണ് ഭരണകക്ഷികൾ ഊർജം നേടുന്നതെന്നു തോന്നുന്നു. ബാറ്ററികൾ റീചാർജ് ചെയ്യുന്നതുപോലെ ഇടയ്ക്കിടെ ഓരോ സമരം!

കേന്ദ്രത്തിന്റെ തെറ്റായ നയങ്ങൾ ചോദ്യം ചെയ്യരുതെന്നല്ല. അന്താരാഷ്ട്ര കരാറുകൾ ഒപ്പിടുമ്പോൾ അവയിലെ വീഴ്ചകൾ ചൂണ്ടിക്കാണിക്കരുതെന്നുമല്ല. ആസിയാൻ കരാർ കേരളത്തെ തകർക്കും എന്ന വാദം തീരെ കഴമ്പില്ലാത്തതല്ല എന്നു സമ്മതിച്ചുകൊണ്ടുതന്നെ ഒന്നുചോദിക്കട്ടെ. ഇന്ന് കേരളത്തിന്റെ ഏതു മേഖലയാണ് തകർച്ച നേരിടാത്തത്? ഏത് കാർഷിക വിളയ്ക്കാണിവിടെ ന്യായവിലയുള്ളത്?  ജനജീവിതത്തിന്റെ സമസ്ത മേഖലകളിലും മാഫിയ വിളയാട്ടം നടക്കുന്നത് ഏത് കേന്ദ്രനയത്തിന്റെ തകരാറുകൊണ്ടാണ്? ഇതെല്ലാം ഭരണപരാജയത്തിന്റെ പ്രകടമായ ഉദാഹരണങ്ങളല്ലേ?

> **ലാവ്‌ലിൻ കേസിൽ കോടതിയിൽ ഹാജരാകാൻ വേണ്ടത്ര ശരീരസുഖമില്ലെന്നു പറഞ്ഞു പിണറായി വിജയൻ വീണ്ടും പരിഹാസ്യനാവുന്നു. രാവിലെ വയറുനോവുണ്ടായതുകൊണ്ടു ക്ലാസിൽ പോകാൻ പറ്റില്ലെന്നു കരഞ്ഞു പറയുന്ന നഴ്സറിക്കുട്ടിയുടെ രക്ഷപ്പെടൽ തന്ത്രം മാത്രമല്ലേ ഇത്?**

മൂന്നരവർഷം പിന്നിടുന്ന  ഇടതുഭരണത്തിന് കേരളത്തിന്റെ വികസനക്കുതിപ്പിന് സഹായകമായ എന്തെങ്കിലും സംരംഭങ്ങൾ ചൂണ്ടിക്കാട്ടാനുണ്ടോ? കുട്ടനാട് പാക്കേജ്, ഇടുക്കി പാക്കേജ് തുടങ്ങിയ കാർഷിക വികസന പരിപാടികളുടെ സ്ഥിതിയെന്താണ്? സ്മാർട്സിറ്റി എവിടെയെത്തി? കേന്ദ്രത്തിൽ നിന്നു ലഭ്യമാകുമായിരുന്ന വികസനസഹായം എത്ര കോടിയാണ് നഷ്ടപ്പെടുത്തിയത്? 2008ൽ കേന്ദ്രഗവൺമെണ്ട് പ്രഖ്യാപിച്ച അറുപതിനായിരം കോടിയുടെ കാർഷിക കടാശ്വാസമുണ്ടായിരുന്നില്ലെങ്കിൽ കേരള കർഷകരുടെ സ്ഥിതിയെന്താകുമായിരുന്നു? ആത്മഹത്യയുടെ എണ്ണം നാലക്കങ്ങൾക്കും അപ്പുറം പോകുമായിരുന്നില്ലേ? പ്രസ്താവനകളും സമരപ്രഖ്യാപനങ്ങളും പാവപ്പെട്ട ജനങ്ങളുടെ അരിക്കലത്തിൽ ചോറു നിറയ്ക്കുകയില്ലല്ലോ.

സമസ്ത മേഖലകളിലും പരാജയം എന്നു ചരിത്രം രേഖപ്പെടുത്താൻ പോകുന്ന ഒരു ഭരണ കാലമായിരിക്കും അച്യുതാനന്ദൻ ഗവൺമെണ്ടിന്റേതെന്നുറപ്പിച്ചു പറയാൻ പാഴൂർപടി കേറണമെന്നില്ല. വസ്തുതകൾ ശ്രദ്ധിക്കുന്ന ഏതൊരാൾക്കും തിരിച്ചറിയാവുന്നതേയുള്ളൂ. അവസാനമിതാ ലാവ്‌ലിൻ കേസിൽ കോടതിയിൽ ഹാജരാകാൻ വേണ്ടത്ര ശരീരസുഖമില്ലെന്നു പറഞ്ഞു പിണറായി വിജയൻ വീണ്ടും പരിഹാസ്യനാവുന്നു. രാവിലെ വയറുനോവുണ്ടായതുകൊണ്ടു ക്ലാസിൽ പോകാൻ പറ്റില്ലെന്നു കരഞ്ഞു പറയുന്ന നഴ്സറിക്കുട്ടിയുടെ രക്ഷപ്പെടൽ തന്ത്രം മാത്രമല്ലേ ഇത്? ഇതൊക്കെ വായിച്ചറിയുന്ന ജനം അക്ഷരംപ്രതി എല്ലാം വിശ്വസിച്ചുകൊള്ളുമെന്നു മാർക്സിസ്റ്റ് പാർട്ടി കരുതുന്നുണ്ടെങ്കിൽ അവരുടെ ബൗദ്ധിക പാപ്പരത്തമോർത്തു ജനങ്ങൾ സഹതപിക്കുകയേയുള്ളൂ.

നീതിപീഠത്തിനു മുന്നിൽ നിവർന്നുനിന്നു സ്വന്തം നിരപരാധിത്വം പ്രഖ്യാപിക്കാനുള്ള ആത്മധൈര്യമാണു ജനങ്ങൾ പിണറായി വിജയനിൽ നിന്നു പ്രതീക്ഷിക്കുന്നത്. പക്ഷേ, അതും സഫലമാവില്ലെന്നു തോന്നുന്നു. എല്ലാം സഹിക്കാമായിരുന്നു, ക്രമസമാധാന നിലയെങ്കിലും ഭദ്രമായിരുന്നെങ്കിൽ.

● ● ●

>> 1

# വിശുദ്ധപശു വിവാദം മണി മുഴങ്ങുന്നത് ആർക്കുവേണ്ടി ?

'കന്നുകാലി ക്ലാസ്' പ്രയോഗം പത്രലേഖകന്റേതാണ്. 'കന്നുകാലി'യോടു ചേർത്തു 'ഹോളി കൗ' എന്ന ശൈലി ഉപയോഗിച്ചു മനോഹരമായ ഒരു മറുപടി മെനയുകയാണ് സാഹിത്യകാരൻ കൂടിയായ തരൂർ. ആ ശൈലിക്ക് 'വിശുദ്ധ പശു' എന്ന് മലയാള പരിഭാഷ ആകാമെങ്കിലും പശു എന്ന മൃഗവുമായി യാതൊരുബന്ധവുമില്ല. നല്ല ആശയം, പിന്തുടരാവുന്ന മാതൃക എന്നൊക്കെയാണർത്ഥം സ്വീകരിക്കേണ്ടത്. ഇത് തിരിച്ചറിഞ്ഞുകൊണ്ടാണ് പ്രധാനമന്ത്രി ഡോ. മൻമോഹൻസിംഗും ധനകാര്യ മന്ത്രി പ്രണബ് മുഖർജിയുമൊക്കെ തരൂരിന്റേത് ഒരു ഫലിതം മാത്രമാണെന്ന് പ്രതികരിച്ചത്.

> **കന്നു കാലി'യോടു ചേർത്തു 'ഹോളി കൗ' എന്ന ശൈലി ഉപയോഗിച്ചു മനോഹരമായ ഒരു മറുപടി മെനയുകയാണ് സാഹിത്യകാരൻ കൂടിയായ തരൂർ. ആ ശൈലിക്ക് 'വിശുദ്ധ പശു' എന്ന് മലയാള പരിഭാഷ  ആകാമെങ്കിലുംപശു എന്ന മൃഗവുമായി യാതൊരുബന്ധവുമില്ല. നല്ല ആശയം, പിന്തുടരാവുന്ന മാതൃക എന്നൊക്കെയാണർത്ഥം സ്വീകരിക്കേണ്ടത്. ഇത് തിരിച്ചറിഞ്ഞുകൊണ്ടാണ്  പ്രധാനമന്ത്രി ഡോ. മൻമോഹൻസിംഗും  ധനകാര്യ മന്ത്രി പ്രണബ് മുഖർജിയുമൊക്കെ  തരൂരിന്റേത് ഒരു ഫലിതം മാത്രമാണെന്ന്  പ്രതികരിച്ചത്.**

എങ്കിലും ഇവിടെ ഒരു പ്രശ്നമുണ്ട്. സാഹിത്യവും രാഷ്ട്രീയവും രണ്ടാണെന്ന വസ്തുത ശശി തരൂർ വിസ്മരിച്ചുപോയി. എഴുത്തുകാരനെന്ന നിലയിൽ എന്തു വിവാദവുമുണ്ടാക്കി സുപ്രസിദ്ധിയോ കുപ്രസിദ്ധിയോ ആർജിക്കാം. സൽമാൻ റുഷ്ദിയും തസ്‌ലീമാ നസ്‌റിനുമൊക്കെ ഉദാഹരണം. പക്ഷേ, ഇന്ത്യയിലെ ഒരു മന്ത്രിക്ക് അതിനനുവാദമില്ല. വിവാദമുണ്ടാക്കി മാധ്യമങ്ങളിൽ നിറയുന്ന ഒരു മന്ത്രി, അദ്ദേഹം ഉൾപ്പെടുന്ന മന്ത്രിസഭയുടെ ഇമേജിനു കോട്ടമുണ്ടാക്കുകയാണ്. മാധ്യമങ്ങൾ എപ്പോഴും വിവാദങ്ങളെയാവും പിന്തുടരുക. അവരുടെ ബഹുഭൂരിപക്ഷം പ്രേക്ഷകരും വായനക്കാരും അതാഗ്രഹിക്കുന്നതാണു കാരണം. അതു തിരിച്ചറിഞ്ഞു കരുതലോടെ വാക്കുകൾ ഉപയോഗിക്കാൻ കേന്ദ്രമന്ത്രിയായ ശശി പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരുന്നു.

കന്നുകാലി ക്ലാസ്, വിശുദ്ധ പശു തുടങ്ങിയ വാക്കുകൾക്ക് ഇന്ത്യൻ സന്ദർഭങ്ങളിൽ പ്രത്യേക അർത്ഥാന്തരങ്ങളുണ്ട്. നിരക്ഷരരും ദരിദ്രരുമായ അധഃസ്ഥിതസമൂഹത്തെ കുറിക്കാൻ കന്നുകാലി ക്ലാസും പ്രായോഗിക ബുദ്ധിയില്ലാത്ത വെറും പൂജാ വിഗ്രഹങ്ങളെ കുറിക്കാൻ വിശുദ്ധപശുവും പര്യാപ്തമാണെന്നതാണ് അപകടം. അതാണു വിമർശകർ പെട്ടെന്നു ചൂണ്ടിക്കാണിച്ചതും. അതിന് അവർക്ക് ഇംഗ്ലീഷ്ശൈലി മനസ്സിലായില്ല എന്നു മേനിനടിക്കുന്നതിൽ കാര്യമില്ല. അതുകൊണ്ടാണ് സോണിയാഗാന്ധിയും, പത്രക്കാർ പറയുന്നത് വിശ്വസിക്കാമെങ്കിൽ, 'വിവാദങ്ങളുണ്ടാക്കാതെ സൂക്ഷിക്കുക' എന്നു തരൂരിനെ മാതൃനിർവിശേഷമായി ഉപദേശിച്ചത്.

തന്നെയും തന്റെ കുടുംബത്തെയും വിമർശിച്ചു കേമത്തം കാണിച്ച ഒരാളെ മന്ത്രിയാക്കിയത് അബദ്ധമായിപ്പോയി എന്ന് പെട്ടെന്നൊന്നും അവർ ചിന്തിച്ചുകളയില്ലെങ്കിലും അങ്ങനെയൊരു സാഹചര്യം സൃഷ്ടിക്കാതിരിക്കാൻ ശശി തരൂർ ഏറെ കരുതൽ വയ്ക്കേണ്ടതുണ്ട്. തന്റെ അവസരം നഷ്ടപ്പെടുത്തിയെന്ന് ഒട്ടേറെ നേതാക്കൾക്ക് തരൂരിനോട്  അമർഷമുണ്ടാകാനിടയുണ്ട് എന്ന രാഷ്ട്രീയ സാഹചര്യത്തിൽ പ്രത്യേകിച്ചും.

പക്ഷേ, അദ്ദേഹം വീണ്ടും അബദ്ധം കാണിക്കുകയാണോ? വിവാദമുണ്ടാകാനിടയായതിൽ ബന്ധപ്പെട്ട സൈറ്റിലൂടെ തന്നെ ക്ഷമാപണം ചെയ്തും കോൺഗ്രസ് അധ്യക്ഷയെയും പ്രധാനമന്ത്രിയെയും ധനമന്ത്രിയെയും നേരിട്ടു കണ്ടു വിശദീകരണങ്ങൾ നല്കിയും പക്വത കാണിച്ച തരൂർ വീണ്ടും നില മറന്നുപോവുകയാണോ? 23നു ബുധനാഴ്ച വീണ്ടും സൈറ്റിൽ അദ്ദേഹം ഫയലുകളുടെ കൂമ്പാരത്തെപ്പറ്റിയും മന്ത്രിപ്പണിയെപ്പറ്റിയും പരാതിപ്പെടുന്നതായി കാണുന്നു. ഇതു മന്ത്രിമാരുടെ പൊതുവായ അനുഭവമല്ലേ? ശശി തരൂർ മന്ത്രിയാകുന്നത് ആദ്യമാണെങ്കിലും അദ്ദേഹത്തിന്റെ നിരവധി മുൻഗാമികളും ഇപ്പോൾതന്നെ ഒപ്പമുള്ള സഹപ്രവർത്തകരും  ഇതേ അനുഭവത്തിലൂടെയല്ലേ  കടന്നുപോയിട്ടുള്ളതും  കടന്നുപൊയ്ക്കൊണ്ടിരിക്കുന്നതും?

തരൂരിനെ ഒരു സാഹിത്യകാരൻ മാത്രമായിട്ടല്ല ഇന്ത്യൻ ജനത കാണുന്നത്. തങ്ങളുടെ ഭാഗധേയങ്ങൾ നിർണയിക്കുന്ന പ്രായോഗികമതിയും ആസൂത്രണ വിദഗ്ധനുമായ ഒരു മന്ത്രിയായിട്ടുകൂടിയാണ്. അവരുടെ പ്രതീക്ഷകൾ തരൂർ കെടുത്തിക്കളയരുത്. ആദ്യം സൂചിപ്പിച്ചതുപോലെ, സാഹിത്യവും രാഷ്ട്രീയവും ഒന്നല്ല എന്ന യാഥാർത്ഥ്യം ശശി തരൂർ വിസ്മരിക്കരുത്.

എവിടെയോ മണികൾ മുഴങ്ങുന്നുണ്ട്. അതു തനിക്കുവേണ്ടിയാവില്ല എന്നുറപ്പുവരുത്തേണ്ടത് അദ്ദേഹത്തിന്റെ തന്നെ ചുമതലയാണ്.

> **തരൂരിനെ ഒരു സാഹിത്യകാരൻ മാത്രമായിട്ടല്ല ഇന്ത്യൻ ജനത കാണുന്നത്. തങ്ങളുടെ ഭാഗധേയങ്ങൾ നിർണയിക്കുന്ന പ്രായോഗികമതിയും ആസൂത്രണ വിദഗ്ധനുമായ ഒരു മന്ത്രിയായിട്ടുകൂടിയാണ്. അവരുടെ പ്രതീക്ഷകൾ തരൂർ കെടുത്തിക്കളയരുത്. ആദ്യം സൂചിപ്പിച്ചതുപോലെ, സാഹിത്യവും രാഷ്ട്രീയവും ഒന്നല്ല എന്ന യാഥാർത്ഥ്യം ശശി തരൂർ വിസ്മരിക്കരുത്.**

CYAN MAGENTA YELLOW BLACK

അവലോകനം

ബോബി കെ. മാത്യു

# ക്ഷാമകാലത്തെ പത്രവാർത്തകൾ

**ഗാന്ധിയൻ മാതൃകയും കോൺഗ്രസിന്റെ അടിസ്ഥാന തത്വങ്ങളും ലംഘിക്കപ്പെടുന്നുവെന്ന ആരോപണമാണ് ഇന്ത്യയിലെ ദേശീയ മാധ്യമങ്ങളും പ്രാദേശിക പത്രങ്ങളും റിപ്പോർട്ടു ചെയ്തത്. ഇതിനോട് കോൺഗ്രസ് പാർട്ടി പ്രതികരിച്ചതും, സിപിഎമ്മിന്റെ നേതാവ് പിണറായി വിജയൻ നടത്തിയ ലാവ്‌ലിൻ അഴിമതി തുറന്നു കാണിച്ച മാധ്യമങ്ങളോട് മാർക്സിസ്ററ് നേതൃത്വം പുലർത്തിയ സമീപനവും രാഷ്ട്രീയത്തിൽ താരതമ്യം ചെയ്യേണ്ടതുണ്ട്.**

കോൺഗ്രസ് അധ്യക്ഷ ശ്രീമതി സോണിയാഗാന്ധിയുടെയും കോൺഗ്രസ് ജനറൽ സെക്രട്ടറി രാഹുൽ ഗാന്ധിയുടെയും ചെലവുചുരുക്കൽ യാത്രകൾ വിവാദമാക്കാൻ ഏറെ ഉത്സാഹിച്ചത് ഭാരതീയ ജനതാപാർട്ടിയും പിന്നാലെ സി.പി.എമ്മുമായിരുന്നു. ഇരുകക്ഷികളും നേരിടുന്ന സ്വത്വ പ്രതിസന്ധിയെ മറികടക്കാനുള്ള തന്ത്രം മാത്രമായിരുന്നു ഇത്. കോൺഗ്രസ് പ്രവർത്തകസമിതിയുടെ, പൊതുജീവിതത്തിലെ ചെലവുചുരുക്കൽ പദ്ധതി ഇന്ത്യൻ രാഷ്ട്രീയത്തിലെ പുതിയ അനുഭവമൊന്നുമല്ലായിരുന്നു. ഗാന്ധിയൻ ജീവിതരീതിയുടെ മികച്ച ദൃഷ്ടാന്തങ്ങളാണ് അവ.

വസ്തുക്കളിലും വാക്കുകളിലുമല്ല സ്വന്തം മനസ്സിലാണ് സന്തോഷം കണ്ടെത്തേണ്ടത് എന്ന് ജോൺ റസ്കിൻ എഴുതിയ സർവോദയ പുസ്തകത്തിലെ ആശയത്തെ ജീവിതത്തിലൂടെ തെളിയിച്ച ഗാന്ധിജിയുടെ മിതവ്യയ ശീലമാണ് കോൺഗ്രസിന്റെ പ്രവർത്തനശൈലിയുടെ മുഖമുദ്ര.

ഇന്ത്യൻ ബൂർഷ്വാസികളുടെ നായകനെന്നും ഉട്ട്യോപ്യൻ ആശയങ്ങളുടെ കാവൽക്കാരൻ എന്നുമുള്ള വിശേഷണങ്ങൾ കൊണ്ടായിരുന്നു ഗാന്ധിജിയെ കമ്യൂണിസ്റ്റ് പാർട്ടികൾ വിമർശിച്ചിരുന്നത്. ആർ.എസ്.എസുകാർ ശാരീരികമായി ഗാന്ധിജിയെ വധിച്ചെങ്കിൽ ആശയപരമായി വധിച്ചത് കമ്യൂണിസ്റ്റുകാരാണ്.

യു.പി.എ. ഗവൺമെണ്ടിലെ മന്ത്രിമാരും കോൺഗ്രസിന്റെ നേതാക്കളും മിതവ്യയശീലത്തോട് പൊരുത്തപ്പെട്ടപ്പോൾ വിദേശകാര്യ മന്ത്രിമാരായ എസ്. എം.കൃഷ്ണയും ശശി തരൂരും തങ്ങളുടെ സമ്പാദ്യത്തിൽ നിന്ന് വാടക നല്കി ഡൽഹിയിലെ പഞ്ചനക്ഷത്രഹോട്ടലിൽ താമസിക്കുന്നുണ്ടായിരുന്നു. ഇത് ഇന്ത്യയിലെ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തപ്പോൾ കോൺഗ്രസ് നേതൃത്വം ജാഗ്രത പുലർത്തി. ഇരുവർക്കും വേണ്ട മാർഗനിർദേശങ്ങൾ കോൺഗ്രസ് നേതൃത്വം നല്കി. രണ്ടാളും തങ്ങളുടെ വാസം ഗസ്റ്റ്ഹൗസിലേക്ക് മാറ്റി. ഔദ്യോഗിക വസതി കിട്ടാനുണ്ടായ കാലതാമസമാണ് ഇതിനൊക്കെ കാരണമായത്.

ഗാന്ധിയൻ മാതൃകയും കോൺഗ്രസിന്റെ അടിസ്ഥാന തത്വങ്ങളും ലംഘിക്കപ്പെടുന്നുവെന്ന ആരോപണമാണ് ഇന്ത്യയിലെ ദേശീയ മാധ്യമങ്ങളും പ്രാദേശിക പത്രങ്ങളും റിപ്പോർട്ടു ചെയ്തത്. ഇതിനോട് കോൺഗ്രസ് പാർട്ടിയും, സിപിഎമ്മിന്റെ നേതാവ് പിണറായി വിജയൻ നടത്തിയ ലാവ്‌ലിൻ അഴിമതി തുറന്നു കാണിച്ച മാധ്യമങ്ങളോട് മാർക്സിസ്ററ് നേതൃത്വവും പുലർത്തിയ സമീപനം രാഷ്ട്രീയത്തിൽ താരതമ്യം ചെയ്യേണ്ടതുണ്ട്.

**പാർട്ടി അംഗമല്ലാത്തതിനാൽ സെബാസ്റ്റ്യൻ പോളിനെ പാർട്ടിയിൽ നിന്ന് പുറത്താക്കേണ്ടി വരില്ലായിരിക്കാം. പക്ഷേ സ്റ്റാലിനെ വിമർശിച്ച കമ്യൂണിസ്റ്റ സൈദ്ധാന്തികനായ ട്രോട്സ്കിയെ ഈ ലോകത്തുനിന്നു തന്നെ പുറത്താക്കിയാണ് റഷ്യയിലെ കമ്യൂണിസ്റ്റ് പ്രസ്ഥാനവും ജോസഫ് സ്റ്റാലിനും പ്രതികരിച്ചത്.**



*പിണറായി വിജയൻ*



*ഡോ.സെബാസ്റ്റ്യൻ പോൾ*

ഏ.കെ.ആന്റണി ഗവൺമെണ്ട് അധികാരത്തിലിരിക്കുമ്പോൾ ഗവൺമെണ്ട് ഭാഗത്തു നിന്നൊരു നിർദേശം ഉണ്ടായി. മാധ്യമ പ്രവർത്തകർ സ്വയം പെരുമാറ്റച്ചട്ടം നിർമിക്കണമെന്നായിരുന്നു ആ നിർദേശത്തിന്റെ കാതൽ. പത്രപ്രവർത്തകർക്ക് പെരുമാറ്റച്ചട്ടം വേണമെന്ന പ്രസ് കൗൺസിലിന്റെ നിർദ്ദേശവും സ്വീഡനിൽ നിലനില്ക്കുന്ന 'കോഡ് ഓഫ് എത്തിക്സ്', ജപ്പാനിൽ ഉള്ള 'കാനൻസ് ഓഫ് ജേർണലിസം' തുടങ്ങിയ മാർഗനിർദേശകസ്വഭാവത്തിലുള്ള നിയമങ്ങൾ നിലനില്ക്കുന്ന സാഹചര്യങ്ങളും മനസ്സിലാക്കിയായിരുന്നു കേരള ഗവൺമെണ്ടിന്റെ പ്രതികരണം. ഇതിനെതിരേ ആദ്യമായി പ്രതികരിച്ചതും മാധ്യമങ്ങളുടെ വായ മൂടികെട്ടാൻ ഗവൺമെണ്ട് ശ്രമിക്കുന്നുവെന്ന ദുരാരോപണം നടത്തി ഏ.കെ.ആന്റണി ഗവൺമെണ്ടിനെതിരേ രംഗത്തു വന്നതും ഇടതുപക്ഷ സഹയാത്രികനും എറണാകുളത്തു നിന്നുള്ള പാർലമെണ്ട് അംഗവുമായിരുന്ന സെബാസ്റ്റ്യൻ പോളായിരുന്നു.

സിപിഎം ചാനലായ കൈരളി ടി.വിയിൽ സെബാസ്റ്റ്യൻ പോൾ നടത്തുന്ന 'മാധ്യമവിചാര'ത്തിലൂടെ എത്രയോ വട്ടം ഗവൺമെണ്ടിന്റെ നിർദ്ദേശത്തെ പോൾ എതിർത്തുകൊണ്ടിരുന്നു. ഇന്ദിരാഗാന്ധിയുടെ അടിയന്തിരാവസ്ഥാപ്രേതം തിരിച്ചു വരുന്നുവെന്നൊക്കെ സെബാസ്റ്റ്യൻ പോൾ ആക്രോശിച്ചു. 'മാധ്യമ സദാചാരത്തിന്റെ ചില്ലറ വ്യാപാരി' എന്നുവരെ മലയാളത്തിലെ ഒരു പത്രത്തിന് സെബാസ്റ്റ്യൻ പോളിനെ വിമർശിക്കേണ്ടി വന്നു.

പിണറായി വിജയനെതിരെയും സിപിഎമ്മിനെതിരെയും മാധ്യമങ്ങളും ചാനലുകളും പ്രതികരിക്കുമ്പോൾ അവർക്കെതിരേ രംഗത്തുവന്നിരുന്നത് സെബാസ്റ്റ്യൻ പോളായിരുന്നു. നിർഭാഗ്യവശാൽ ഈ അടുത്ത കാലത്ത് സെബാസ്റ്റ്യൻ പോളിനുപോലും സിപിഎമ്മിന്റെ രാഷ്ട്രീയ നിലപാടുകളെയും അവർ മാധ്യമങ്ങളോട് കാട്ടിയ രീതിയെയും അംഗീകരിക്കാൻ കഴിയുന്നില്ല.

സെബാസ്റ്റ്യൻ പോൾ എംപിയല്ലാതായി കഴിഞ്ഞപ്പോൾ നിഷ്പക്ഷമായി സംസാരിക്കേണ്ടി വന്നിരിക്കുന്നു. പോൾ മുത്തൂറ്റിന്റെ വധക്കേസിൽ 'എസ്' കത്തി പോലീസ് പറഞ്ഞ് നിർമിച്ചതാണെന്ന നിർണായകമായ കണ്ടെത്തൽ നടത്തിയ ഏഷ്യാനെറ്റ് ചാനലിനെതിരേ സിപിഎം നേതാക്കൾ പുലർച്ചവരെ ചീത്തപറഞ്ഞപ്പോഴാണ് സെബാസ്റ്റ്യൻ പോളിനു പോലും പ്രതികരിക്കേണ്ടി വന്നത്. സെബാസ്റ്റ്യൻ പോളിനുള്ള പ്രതിഫലത്തിന്റെ ആദ്യ ഗഡു 2009 സെപ്റ്റംബർ 24ലെ ദേശാഭിമാനിയിൽ പ്രഭാവർമ പേരുവച്ചെഴുതിയ ലേഖനം വഴി കൊടുത്തു.

ലേഖനത്തിൽ നിന്ന്: 'മാധ്യമവിചാരം രണ്ടുവിധത്തിലാവാം. നിഷ്പക്ഷ മാധ്യമവിചാരവും നിഷ്പക്ഷമെന്ന് ഭൂരിപക്ഷം മാധ്യമങ്ങളെക്കൊണ്ട് പറയിക്കുന്ന മാധ്യമവിചാരവും. ആദ്യത്തേത് വിമർശനം നേടിത്തരുമെങ്കിൽ രണ്ടാമത്തേത് വർധിച്ച പ്രതിച്ഛായ നേടിത്തരും. ഒരു കുഴപ്പമേയുള്ളൂ, സത്യത്തിലും മൂല്യത്തിലും വിട്ടുവീഴ്ച ചെയ്യേണ്ടി വരുമെന്നു മാത്രം. നിർഭാഗ്യവശാൽ ഡോ.സെബാസ്റ്റ്യൻ പോൾ രണ്ടാമത്തേതിന്റെ വക്താവായിരിക്കുന്നു".

ദീർഘകാലം കൈരളിയിലൂടെ നടത്തിയ മാധ്യമവിചാരത്തിലൂടെ തന്റെ എം.പി. സ്ഥാനം നിലനിർത്താനായി ഐക്യജനാധിപത്യമുന്നണിയിലെ രാഷ്ട്രീയ കക്ഷികളെ കർണകഠോരമായി വിചാരണ നടത്തിയിരുന്നു, സെബാസ്റ്റ്യൻ പോൾ. എം.പി. സ്ഥാനം നഷ്ടപ്പെട്ടപ്പോൾ മുതൽ സെബാസ്റ്റ്യൻ പോൾ യഥാർത്ഥ വസ്തുതകൾ സംസാരിക്കാൻ തുടങ്ങിയപ്പോൾ സിപിഎമ്മിന്റെയും അനുചരന്മാരുടെയും അസഹിഷ്ണുത ഉണർന്നു പ്രവർത്തിച്ച് തുടങ്ങി.

പാർട്ടി അംഗമല്ലാത്തതിനാൽ സെബാസ്റ്റ്യൻ പോളിനെ പാർട്ടിയിൽ നിന്ന് പുറത്താക്കേണ്ടി വരില്ലായിരിക്കാം. പക്ഷേ സ്റ്റാലിനെ വിമർശിച്ച കമ്യൂണിസ്റ്റ് സൈദ്ധാന്തികനായ ട്രോട്സ്കിയെ ഈ ലോകത്തുനിന്നു തന്നെ പുറത്താക്കിയാണ് റഷ്യയിലെ കമ്യൂണിസ്റ്റ് പ്രസ്ഥാനവും ജോസഫ് സ്റ്റാലിനും പ്രതികരിച്ചത്.

സ്റ്റാലിനെക്കാൾ വലിയ ഏകാധിപതികൾ കേരളാ ഗവൺമെണ്ടിലും സിപിഎമ്മിലും ശക്തിയാർജിക്കുമ്പോൾ, മുത്തൂറ്റ് പോളിനെപ്പോലുള്ളവർ മാത്രമല്ല, സെബാസ്റ്റ്യൻ പോളിനെപ്പോലെയുള്ളവരും കരുതിയിരിക്കുന്നത് നന്ന്. ▣

**സെബാസ്റ്റ്യൻ പോൾ എംപിയല്ലാതായി കഴിഞ്ഞപ്പോൾ നിഷ്പക്ഷമായി സംസാരിക്കേണ്ടി വന്നിരിക്കുന്നു. സെബാസ്റ്റ്യൻ പോളിനുള്ള പ്രതിഫലത്തിന്റെ ആദ്യ ഗഡു 2009 സെപ്റ്റംബർ 24ലെ ദേശാഭിമാനിയിൽ പ്രഭാവർമ പേരുവച്ചെഴുതിയ ലേഖനം വഴി കൊടുത്തു.**

CYAN MAGENTA YELLOW BLACK



**രാഷ്ട്രീയകേരളം**

○ ○

**സാബു ജോൺ**

# ചാവേറുകളും ഇടയുന്നു

രാജഭരണത്തിലും ഏകാധിപത്യഭരണത്തിലുമൊക്കെ വിമർശനത്തിനു സ്ഥാനമില്ല. വിമർശിക്കാൻ ആരെങ്കിലും മുതിർന്നാൽ അവരുടെ കഴുത്തിനു മുകളിൽ തല തന്നെ കാണില്ല. ഈ ഭരണസംവിധാനങ്ങളിൽ സ്തുതിപാഠകർക്കാണ് പ്രിയം.

എന്നാൽ ജനാധിപത്യത്തിൽ വിമർശനമുണ്ടാകും. പൊതുപ്രവർത്തകരും ഭരണാധികാരികളുമൊക്കെ ധാരാളം വിമർശനം കേൾക്കേണ്ടിയും വരും. ചിലപ്പോൾ തെറ്റിദ്ധാരണ മൂലം അകാരണമായി പോലും ആക്ഷേപങ്ങൾ കേൾക്കേണ്ടിവരും. അതു ജനാധിപത്യത്തിന്റെ ശക്തിയാണ്. പൊതുപ്രവർത്തകരും ജനപ്രതിനിധികളുമൊക്കെ തങ്ങൾ പ്രതിനിധാനം ചെയ്യുന്നവരെ മറന്നു പ്രവർത്തിച്ചാൽ അവരെ ശിക്ഷിക്കാൻ ജനങ്ങൾക്കു സാധിക്കുമെന്നതാണ് ജനാധിപത്യത്തിന്റെ മെച്ചം.

പരസ്പരവിരുദ്ധമായ ആശയങ്ങളും ചിന്താഗതികളുമൊക്കെയുള്ളവർക്ക് ഒരുപോലെ പ്രവർത്തിക്കാൻ അവസരം ലഭിക്കുന്നു എന്നതും ജനാധിപത്യത്തിന്റെ മാത്രം ഗുണമാണ്. ഇടതുപക്ഷവും വലതുപക്ഷവും മിതവാദികളും തീവ്രവാദികളുമെല്ലാം ഇന്ത്യയെപ്പോലുള്ള ജനാധിപത്യരാജ്യങ്ങളിൽ നിർഭയമായി പ്രവർത്തിക്കുന്നതു നമ്മൾ കാണുന്നുണ്ടല്ലോ. ഏതെങ്കിലും ഒരു ആശയഗതി മാത്രം രാജ്യത്തു മതി എന്ന് സ്വാതന്ത്ര്യം കിട്ടിയ കാലത്തു രാജ്യത്തെ നയിച്ചിരുന്നവർ തീരുമാനിച്ചില്ല. പല ആശയങ്ങളിൽ വിശ്വസിക്കുന്നവരെ മാറിമാറി പരീക്ഷിച്ചു കൊണ്ട് ഏതെങ്കിലും ഒരുപക്ഷത്തു മാത്രം നില്ക്കാൻ തങ്ങൾ തയാറല്ലെന്ന് ജനങ്ങളും പല വട്ടം തെളിയിച്ചു കഴിഞ്ഞു.

ജനാധിപത്യത്തിന്റെ ഭാഗമായ ആവിഷ്കാരസ്വാതന്ത്ര്യവും വിമർശിക്കാനുള്ള സ്വാതന്ത്ര്യവുമൊക്കെ നിലനില്ക്കേണ്ടതുണ്ട്. അതു മാനിക്കാൻ പൊതുപ്രവർത്തകർ തയ്യാറാകുകയും ചെയ്യണം. അതിനു തയ്യാറല്ലാത്തവരെ ജനങ്ങൾ അംഗീകരിക്കില്ലെന്നുള്ളതിന് എത്രയോ ഉദാഹരണങ്ങൾ നിരത്താൻ കഴിയും.

കേരളത്തിൽ കുറേ നാളായി പുകയുന്ന മാധ്യമസ്വാതന്ത്ര്യം സംബന്ധിച്ച ചില വിവാദങ്ങളാണ് ഇതെഴുതാൻ പ്രേരണയായത്. മാധ്യമങ്ങൾക്കെതിരെ തിരിയുന്നത് പതിവാക്കിയ സിപിഎം സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ ഏറ്റവുമൊടുവിൽ രംഗത്തെത്തിയത് പോൾ വധക്കേസിൽ മാധ്യമങ്ങൾ സ്വീകരിച്ച സമീപനത്തിന്റെ പേരിലാണ്. കേസ് തെളിയിക്കാൻ കൊല്ലനെ തേടി മാധ്യമങ്ങൾ പോകേണ്ടതില്ലെന്ന് അഭിപ്രായപ്പെട്ട പിണറായി, അങ്ങനെ ചെയ്യുന്നവരെ പോലീസ് ചോദ്യം ചെയ്യേണ്ടതാണെന്നു കൂടി അഭിപ്രായപ്പെട്ടിരുന്നു. മാധ്യമങ്ങളുടെ പ്രവർത്തനരീതിയെ എതിർത്ത് അഭിപ്രായപ്രകടനം നടത്തിയതിനൊപ്പം ഒരു ഭീഷണി പ്രയോഗം കൂടിയാണദ്ദേഹം നടത്തിയത്.




മാധ്യമങ്ങളുടെ പ്രവർത്തന പരിധി എവിടെ വരെ എന്നത് എല്ലാക്കാലത്തും തർക്കവിഷയമാണ്. എന്നാൽ വിവാദമായ ഒരു കേസ് അന്വേഷിക്കുമ്പോൾ ആ കേസിനെ സംബന്ധിച്ച തെളിവുകൾ പുറത്തു കൊണ്ടു വരുന്നത് അന്യായമാണെന്ന അഭിപ്രായം ഇതുവരെ ആരും പറഞ്ഞു കേട്ടിട്ടില്ല. അന്വേഷണം നടത്തുന്ന പോലീസ് പറയുന്ന കാര്യങ്ങൾ മാധ്യമപ്രവർത്തകർ അതേപടി കൊടുത്താൽ മതിയെന്നു തീരുമാനിച്ചാൽ പോലീസുകാർ എന്തൊക്കെ ചെയ്യില്ലെന്ന് ആരു കണ്ടു? പോലീസിനെ ഭരണകൂടത്തിന്റെ മർദനോപാധിയായി വിമർശിച്ചു വന്നിരുന്ന പാർട്ടിയുടെ നേതാവാണ് ഇങ്ങനെ അഭിപ്രായപ്രകടനം നടത്തിയതെന്നു കൂടി മനസ്സിലാക്കേണ്ടതുണ്ട്.

തങ്ങൾ പറയുന്നതും ചെയ്യുന്നതുമെല്ലാം ശരി, അതു മാത്രം ശരി എന്ന ചിന്താഗതി അപകടകരമാണ്. അങ്ങനെയുള്ള പുണ്യവാളന്മാർ നമ്മുടെ നാട്ടിലുണ്ടെന്നും വിശ്വസിക്കാൻ സാധിക്കില്ല. തങ്ങൾക്കെതിരെ പറയുന്നവരെയെല്ലാം കൂട്ടത്തോടെ ആക്രമിച്ച് ഒതുക്കാൻ ശ്രമിക്കുന്നത് ജനാധിപത്യത്തിനു ഭൂഷണമല്ല. ജനാധിപത്യത്തിൽ വിശ്വസിക്കുന്നവർക്ക് അത് അംഗീകരിക്കാൻ സാധിക്കുകയുമില്ല.

കമ്യൂണിസ്റ്റ് രാജ്യമായ ചൈനയിൽ അഭിപ്രായ സ്വാതന്ത്ര്യം ഇല്ല. വിമർശനത്തിനും അവിടെ അവകാശമില്ല. ഭരിക്കുന്നവർ പറയുന്നതും ചെയ്യുന്നതുമെല്ലാം അതേപടി അംഗീകരിച്ചു ജീവിച്ചു കൊള്ളുക എന്നതു മാത്രമാണ് അവിടത്തെ ജനങ്ങൾക്കു ചെയ്യാനുള്ളത്. കാരണം അവിടെ ഭരിക്കുന്നവർ ശരി മാത്രം പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരാണ്!

അതേ വിശ്വാസപ്രമാണത്തിൽ വിശ്വസിക്കുന്ന ഇവിടത്തെ കമ്യൂണിസ്റ്റുകാർക്കും അത്തരം സ്വഭാവഗുണങ്ങൾ ഉണ്ടാകുക സ്വാഭാവികമാണ്. എന്നാൽ നമ്മുടെ നാട്ടിൽ ജനാധിപത്യ വ്യവസ്ഥിതിയാണു നിലനില്ക്കുന്നതെന്നു മനസ്സിലാക്കണ്ടേ?

■ ■

**പിണറായി വിജയനും സിപിഎം നേതാക്കളും മാധ്യമങ്ങളെ സി.ഐ.എ. ഏജന്റുമാർ എന്നു വരെ വിളിച്ച് ആക്ഷേപിക്കുമ്പോഴും അത് ജനങ്ങൾ അറിയുന്നത് ഇവർ പഴിപറയുന്ന മാധ്യമങ്ങളിലൂടെ തന്നെയാണെന്നും തിരിച്ചറിയേണ്ടതുണ്ട്. ഒരു കാര്യം ഓർത്താൽ നന്ന്–അധികാരത്തിന്റെ ലഹരിയിൽ വിമർശിക്കുന്നവരെയും വിമർശനങ്ങളെയും പുച്ഛിച്ചു തള്ളിയ സംഭവങ്ങൾ ഇതിനു മുമ്പും ഉണ്ടായിട്ടുണ്ട്. അവർക്കെല്ലാം അർഹിക്കുന്ന ശിക്ഷ കിട്ടിയിട്ടുമുണ്ട്. അതു ജനങ്ങളുടെ അടുത്തേക്കു ചെല്ലുമ്പോഴാണെന്നു മാത്രം.**

■ ■

തങ്ങൾക്കെതിരെ ആക്ഷേപങ്ങളും ആരോപണങ്ങളും വരുമ്പോൾ ഉറഞ്ഞു തുള്ളുകയാണ് കേരളത്തിലെ കമ്യൂണിസ്റ്റുകാർ. ആക്ഷേപങ്ങൾ ഉന്നയിക്കുന്നവർ തെളിവു നല്കണമെന്ന് അവർ ആവശ്യപ്പെടും. എന്നാൽ എതിരാളികളുടെ നേരേ അവർ എന്തും പറയും, എന്തും ചെയ്യും. അതിനു തെളിവു വേണ്ട.

ഈ അസഹിഷ്ണുത സാധാരണ ജനം സഹിക്കില്ല. അവർക്ക് അതു സഹിക്കേണ്ട കാര്യവുമില്ല. ഇപ്പോൾ ഇടതുപക്ഷ സഹയാത്രികർ പോലും ഇടതുകൂട്ടായ്മ വിട്ടു പുറത്തുവരുന്ന കാഴ്ചയാണുള്ളത്.

സിപിഎം സഹയാത്രികനായിരുന്ന മുൻ എംപി ഡോ. സെബാസ്റ്റ്യൻ പോൾ മാധ്യമസ്വാതന്ത്ര്യത്തെക്കുറിച്ചു പറഞ്ഞ ചില കാര്യങ്ങൾ പാർട്ടിയെ പ്രകോപിപ്പിച്ചിരിക്കുകയാണ്. സെബാസ്റ്റ്യൻ പോളിനെതിരെ ശക്തമായ കടന്നാക്രമണവുമായി പാർട്ടി രംഗത്തെത്തിക്കഴിഞ്ഞു.

സെബാസ്റ്റ്യൻ പോളും പാർട്ടിയുമായുള്ള അഭിപ്രായഭിന്നതയ്ക്കു പല കാരണങ്ങളുമുണ്ടാകാം. ഇവിടെ അതല്ല പ്രശ്നം. ഒരു മാധ്യമപ്രവർത്തകൻ കൂടിയായ, പാർട്ടി ചാനലിന്റെ 'മാധ്യമവിചാര'ക്കാരനായിരുന്ന സെബാസ്റ്റ്യൻ പോളിനെ പാർട്ടിയുടെ നിലപാട് ബോധ്യപ്പെടുത്തിക്കൊടുക്കാൻ സാധിക്കുന്നില്ല എന്നുള്ളതാണ് പ്രശ്നം.

പിണറായിയുടെ സ്തുതിപാഠകനാകാൻ തന്നെ കിട്ടില്ലെന്നു തുറന്നടിച്ച സെബാസ്റ്റ്യൻ പോൾ, കാര്യങ്ങൾ തുറന്നു പറയുന്നതിന്റെ ഭവിഷ്യത്തുകൾ നേരിടാൻ തയാറാണെന്നു കൂടി പറയുന്നു. പിണറായിയുടെ ചാവേറാകാൻ തന്നെ കിട്ടില്ലെന്നു കൂട്ടിക്കൂട്ടിച്ചേർത്ത സെബാസ്റ്റ്യൻ പോൾ പറഞ്ഞുവച്ചതു മറ്റൊന്നു കൂടിയാണ്. അവിടെ നടക്കുന്നതു സ്തുതിപാടൽ തന്നെ. അപ്പോൾ പിന്നെ വിമർശനങ്ങൾ എങ്ങനെ സഹിക്കാൻ പറ്റും?

മാധ്യമങ്ങൾ തങ്ങളെ തെരഞ്ഞുപിടിച്ച് ആക്രമിക്കുന്നു എന്നു പറയുന്ന സിപിഎം നേതാക്കൾ കഴിഞ്ഞ യുഡിഎഫ് ഭരണകാലത്ത് പി.കെ. കുഞ്ഞാലിക്കുട്ടിക്കെതിരെ മാധ്യമങ്ങൾ നടത്തിയ പോരാട്ടത്തെ മറ

**പിണറായിയുടെ സ്തുതിപാഠകനാകാൻ തന്നെ കിട്ടില്ലെന്നു തുറന്നടിച്ച സെബാസ്റ്റ്യൻ പോൾ, കാര്യങ്ങൾ തുറന്നു പറയുന്നതിന്റെ ഭവിഷ്യത്തുകൾ നേരിടാൻ തയാറാണെന്നു കൂടി പറയുന്നു. പിണറായിയുടെ ചാവേറാകാൻ തന്നെ കിട്ടില്ലെന്നു കൂട്ടി കൂട്ടിച്ചേർത്ത സെബാസ്റ്റ്യൻ പോൾ പറഞ്ഞു വച്ചതു മറ്റൊന്നു കൂടിയാണ്. അവിടെ നടക്കുന്നതു സ്തുതിപാടൽ തന്നെ. അപ്പോൾ പിന്നെ വിമർശനങ്ങൾ എങ്ങനെ സഹിക്കാൻ പറ്റും?**

ന്നോ? അതിനു മുമ്പ് കെ. കരുണാകരനെ മാധ്യമങ്ങൾ കടന്നാക്രമിച്ചത് ഓർമിക്കുന്നില്ലേ? അന്ന് അതിനെ പിന്താങ്ങിയും മാധ്യമസ്വാതന്ത്ര്യത്തേക്കുറിച്ചു വാതോരാതെ പ്രസംഗിച്ചും നടന്നവരല്ലേ ഇപ്പോൾ മാധ്യമങ്ങൾക്കെതിരേ തിരിഞ്ഞിരിക്കുന്നത്? തങ്ങൾക്കെതിരെ മാധ്യമങ്ങൾ നിരന്തരമായി ആക്രമണങ്ങൾ അഴിച്ചുവിടുമ്പോഴും കെ. കരുണാകരനോ പി.കെ. കുഞ്ഞാലിക്കുട്ടിയോ ഇതുപോലെ മാധ്യമങ്ങൾക്കെതിരെ തിരിഞ്ഞിരുന്നില്ല എന്നും ഓർമിക്കേണ്ടതുണ്ട്.

പിണറായി വിജയനും സിപിഎം നേതാക്കളും മാധ്യമങ്ങളെ സി.ഐ.എ. ഏജന്റുമാർ എന്നു വരെ വിളിച്ച് ആക്ഷേപിക്കുമ്പോഴും അത് ജനങ്ങൾ അറിയുന്നത് ഇവർ പഴിപറയുന്ന മാധ്യമങ്ങളിലൂടെ തന്നെയാണെന്നും തിരിച്ചറിയേണ്ടതുണ്ട്. ഒരു കാര്യം ഓർത്താൽ നന്ന്–അധികാരത്തിന്റെ ലഹരിയിൽ വിമർശിക്കുന്നവരെയും വിമർശനങ്ങളെയും പുച്ഛിച്ചു തള്ളിയ സംഭവങ്ങൾ ഇതിനു മുമ്പും ഉണ്ടായിട്ടുണ്ട്. അവർക്കെല്ലാം അർഹിക്കുന്ന ശിക്ഷ കിട്ടിയിട്ടുമുണ്ട്. അതു ജനങ്ങളുടെ അടുത്തേക്കു ചെല്ലുമ്പോഴാണെന്നു മാത്രം. ✖

CYAN MAGENTA YELLOW BLACK

കാഴ്ചവട്ടം

പ്രൊഫ.മാടവന ബാലകൃഷ്ണപിള്ള

# ദൈവത്തെ പറ്റിക്കുന്നവർ!

ഒരു നാടൻ കഥയോടെ തുടങ്ങാം. പണ്ടൊരു മീൻപിടുത്തക്കാരൻ, പോകുംവഴിയുള്ള ക്ഷേത്രത്തിനു മുന്നിൽ നിന്നു മനസ്സുരുകി പ്രാർത്ഥിച്ചു. പലനാളുകളായി ചൂണ്ടയിടലിൽ നിന്നും ഒന്നും കിട്ടാറില്ല.

''അമ്മേ ഇന്നു കിട്ടുന്നതിൽ പകുതി അമ്മയ്ക്ക്''- ഭക്തനായ കേശവൻ, കായൽ തീരത്തേക്കു യാത്രയായി.

അത്ഭുതമെന്നു പറയട്ടെ, അന്നു വളരെയേറെ മീൻ ചൂണ്ടയിൽ കുരുങ്ങി. കൈനിറയെ കാശായി. ദേവിയെ മനസ്സാവണങ്ങി. കേശവൻ നേരേ ഷാപ്പിലേക്കു പോയി. കിട്ടിയതെല്ലാം രാത്രിയായതോടെ തീർന്നു കിട്ടി. ഭൂലോകം പിടിച്ചടക്കിയ വാശിയോടെ വെറും കയ്യോടെ കേശവൻ വീട്ടിലേക്ക് ആടിപ്പാടി യാത്രയായി!



ക്ഷേത്രപരിസരത്തെത്തിയപ്പോഴാണ് കാര്യത്തിന്റെ ഗുട്ടൻസ് ഞെട്ടലോടെ ഓർമിച്ചത്. കിട്ടുന്നതിൽ പകുതി ദേവിക്കു നേർന്നുകൊണ്ടാണ് രാവിലെ തൊഴിലാരംഭിച്ചത്. പക്ഷേ, കിട്ടിയതു മുഴുവനും കുടിച്ചുതീർത്തു. ലഹരിക്കിടയിൽ ദേവിയെയും കുടുംബത്തെയും മറന്നു.

പക്ഷേ, കേശവനു ആശങ്കയായി. ദേവി കോപിച്ചാലോ? ക്ഷേത്രത്തിലേക്കു നോക്കാൻ പോലും പേടി. അവസാനം കേശവൻ ദേവിയോടു തന്റെ നിരപരാധിത്വം, സ്വഭാവവിശേഷം തുറന്നുകാട്ടി.

"കേശവൻ പലതും നേരും. അതൊന്നും കേട്ടു അമ്മേ, ദേവീ, വിശ്വസിച്ചേക്കല്ലേ"...

കേശവൻ തിരിഞ്ഞു നോക്കാതെ ഇടറുന്ന കാലുകളോടെ, വിറയ്ക്കുന്ന ശബ്ദതരംഗങ്ങളോടെ വീട്ടിലേക്കു വേഗത്തിൽ ചവിട്ടിവിട്ടു.

ഇതൊരു പൈങ്കിളിക്കഥയാണെങ്കിലും മനുഷ്യമനസ്സിന്റെ യഥാർത്ഥ അവസ്ഥയാണ് പാവം കേശവനിലൂടെ പുറത്തുവന്നത്. ദൈവത്തെ അല്ലാതെ മറ്റാരെയാണ് കബളിപ്പിക്കുക? മറ്റാരോടാണ് കൈമലർത്തിക്കാട്ടുക? മനുഷ്യന്റെ കുറ്റങ്ങൾ ദൈവം പൊറുത്തുകൊള്ളും. മനുഷ്യൻ അങ്ങനയല്ലല്ലോ? അവൻ പൊറുക്കില്ല. വാക്കു പാലിച്ചില്ലെങ്കിൽ നടപടിയുണ്ടാകും.

പല നേർച്ചപ്പെട്ടികളിലും കള്ളനോട്ടുകൾ കാണാറുണ്ട്. ചിലർ നിസ്സഹായത കത്തുകളിലൂടെ എഴുതി ദൈവത്തെ അറിയിക്കാറുണ്ട്.

ഒരിക്കൽ ശബരിമല കാണിക്കപ്പെട്ടിയിൽ നിന്നും കണ്ടെടുത്ത കത്തുകളിൽ ഒരെണ്ണം ഇങ്ങനെ:

"ഒരു വർഷം മുമ്പ് രണ്ടു പവനിൽ തീർത്ത ഒരയ്യപ്പ വിഗ്രഹം സമർപ്പിച്ചുകൊള്ളാമെന്നേറ്റിരുന്നു. നേർച്ചയനുസരിച്ചു എനിക്കു പ്രൊമോഷനും മകൾക്കു നല്ല ചെറുക്കനെയും കിട്ടി. പക്ഷേ, സ്വർണത്തിന്റെ വില വല്ലാതെ കുതിച്ചുയർന്നു. അതിനാൽ, അത്രയ്ക്കും സ്വർണം നല്കാനാവാതെ വന്നിരിക്കുന്നു. തത്ക്കാലം രണ്ടുഗ്രാം സ്വർണം ഇതോടൊപ്പം സമർപ്പിക്കുന്നു. മറ്റൊന്നും വിചാരിക്കരുത്. സ്വാമിയേ ശരണം..."

**ഒരിക്കൽ ശബരിമല കാണിക്കപ്പെട്ടിയിൽ നിന്നും കണ്ടെടുത്ത കത്തുകളിൽ ഒരെണ്ണം ഇങ്ങനെ: "ഒരു വർഷം മുമ്പ് രണ്ടു പവനിൽ തീർത്ത ഒരയ്യപ്പ വിഗ്രഹം സമർപ്പിച്ചുകൊള്ളാമെന്നേറ്റിരുന്നു. നേർച്ചയനുസരിച്ചു എനിക്കു പ്രൊമോഷനും മകൾക്കു നല്ല ചെറുക്കനെയും കിട്ടി. പക്ഷേ, സ്വർണത്തിന്റെ വില വല്ലാതെ കുതിച്ചുയർന്നു. അതിനാൽ, അത്രയ്ക്കും സ്വർണം നല്കാനാവാതെ വന്നിരിക്കുന്നു. തത്ക്കാലം രണ്ടുഗ്രാം സ്വർണം ഇതോടൊപ്പം സമർപ്പിക്കുന്നു. മറ്റൊന്നും വിചാരിക്കരുത്. സ്വാമിയേ ശരണം..."**

പത്രലേഖകരുടെ മുമ്പിൽ വച്ചു കത്തു വായിച്ച ദേവസ്വം ബോർഡധികൃതർ പോലും പൊട്ടിച്ചിരിച്ചുപോയി. ഭക്തന്റെ ധർമസങ്കടങ്ങൾ!

നേർച്ചക്കഥകൾ ഇപ്പോൾ ഇവിടെ വിളമ്പുവാൻ ഒരു കാരണമുണ്ടായി. അമ്പലപ്പുഴ ക്ഷേത്രത്തിൽ ഈയിടെ ഒരു ഭക്തൻ തുലാഭാരം നടത്തി. ശുദ്ധമായ വെണ്ണകൊണ്ടായിരുന്നു തുലാഭാരം. അറുപതിലേറെ കിലോയുള്ള ഭക്തന്റെ തൂക്കത്തിനൊത്തു വെണ്ണ. ഭക്തന് ആത്മസംതൃപ്തി. ക്ഷേത്രഭാരവാഹികൾക്കും സന്തോഷം.

ക്ഷേത്രത്തിലെ നേർച്ചകാഴ്ചകൾ ക്ഷേത്രത്തിന്റെ ആവശ്യത്തിനായിട്ടാണു ഉപയോഗിക്കുക. വെണ്ണ നേർച്ചയാണ്. തുലാഭാരം വഴി ലഭിച്ചിട്ടുള്ളത്. ഇത്രയേറെ വെണ്ണ, ഉരുക്കി നെയ്യാക്കി മാറ്റുകയെന്നതും ഒരു ജോലിതന്നെയാണ്. എങ്കിലും വലിയ വാർപ്പിൽ ഈ വെണ്ണ ഉരുക്കാൻ തുടങ്ങി. വളരെനേരം കഴിഞ്ഞിട്ടും വെണ്ണ ഉരുകുന്നില്ല. കുഴമ്പു പരുവത്തിൽ കിടക്കുന്നതേയുള്ളൂ.

അപ്പോൾ പിന്നെ ശ്രദ്ധിക്കാൻ തുടങ്ങി. അപ്പോഴല്ലെ ഗുട്ടൻസ് പുറത്തുവരുന്നത്. യഥാർത്ഥ വെണ്ണയല്ല. മറിച്ച് പാൽപ്പൊടി കുഴമ്പ്! ദേവസ്വം അധികൃതർ ഞെട്ടി. അടുത്ത കാലത്തൊന്നും ഇത്രയും വലിയ ഒരു കബളിപ്പിക്കൽ നടന്നിട്ടില്ല. ദേവനെ വെട്ടിക്കുന്ന മനുഷ്യൻ! ദേവന്റെ രൂപത്തിലാണ് മനുഷ്യ സൃഷ്ടിയെന്നു പറഞ്ഞവരെ തല്ലണം! ദേവന്റെ രൂപമല്ല, ചില മനുഷ്യർക്ക് പിശാചിന്റേതാണ്.

എന്തിനാണീ വെട്ടിക്കല്? ദൈവത്തെ നിന്ദിക്കലല്ലേ? തുലാഭാരം നടത്താൻ ആരും ഈ കപടഭക്തനെ നിർബന്ധിച്ചിട്ടില്ല.

പിന്നെന്തേ ഈ വൈകൃതം? ഒരു പക്ഷേ, വെണ്ണ കൊണ്ടു തുലാഭാരം നടത്തിയതുവഴിയുള്ള ഖ്യാതി, നാട്ടുകാരുടെയും ബന്ധുക്കളുടെയും മുന്നിൽ നേടാനാകാം. അല്ലെങ്കിൽ, ഇതാരുമറിയില്ലെന്നു കരുതി ഒരു പൊടിക്കൈ പ്രയോഗിച്ചതുമാകാം. എന്തായാലും കള്ളി പുറത്തായി. നാട്ടിൽ നാണക്കേടായി. ദേവൻ കൈയോടെ പിടിക്കുകയായിരുന്നു!

പുറമെ ഭക്തി കാണിക്കുന്ന പലരുടെയും സ്ഥിതിയിതാണ്. അമിത ഭക്തി. അമിതമായ വിനയം. ഇത്തരക്കാരെയാണ് സൂക്ഷിക്കേണ്ടത്. ഇവർ വില്ലാളി വീരന്മാരാണ്. അപകടകാരികളും.

ദൈവത്തിന്റെ സ്വന്തം നാട്ടിൽ ദൈവത്തെത്തന്നെ വെട്ടിക്കുന്നവരുണ്ടായിരിക്കുന്നു. അതുകൊണ്ടാണ്, ദൈവത്തിന്റെ നാട്ടിൽ പിശാചുക്കളുണ്ടെന്നു പറയുന്നതും! ⊙

## അറിയേണ്ടും കാര്യങ്ങൾ

### പുകവലി നിരോധനം

## ഹൃദയാഘാത നിരക്കിൽ റെക്കോർഡ് കുറവ്



പൊതുസ്ഥലത്തെ പുകവലി നിരോധനം ഇംഗ്ലണ്ടിൽ ഹൃദയാഘാത നിരക്കിൽ വൻ കുറവു വരുത്തിയതായി സർവേ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. 2007 ജൂലൈയിലാണ് പൊതുസ്ഥലങ്ങളിൽ പുകവലിക്ക് നിരോധനം ഏർപ്പെടുത്തിയത്.

ഇംഗ്ലണ്ടിൽ രണ്ടുലക്ഷത്തി എഴുപത്തയ്യായിരം പേർക്കാണ് ഒരു വർഷത്തിൽ ശരാശരി ഹൃദയാഘാതം ഉണ്ടാകുന്നത്. ഇതിൽ മരണം സംഭവിക്കുന്നത് ഒരു ലക്ഷത്തി നാല്പത്തിയാറായിരം പേർക്കും. ഇംഗ്ലണ്ടിലെ ആരോഗ്യ വകുപ്പ് നടത്തിയ സർവേയിൽ, പുകവലിക്ക് നിരോധനം ഏർപ്പെടുത്തിയതിനെത്തുടർന്ന് ഹൃദയാഘാതവും അതുമൂലമുണ്ടാകുന്ന മരണവും പത്തുശതമാനം കുറഞ്ഞിരിക്കുന്നു എന്ന് കണക്കുകൾ സാക്ഷ്യപ്പെടുത്തുന്നു. അമേരിക്കൻ കോളജ് ഓഫ് കാർഡിയോളജിയുടെ പ്രസിദ്ധീകരണമാണ് ഈ ശുഭോദർക്കമായ വിവരം പുറത്തുവിട്ടത്.

ആൾത്തിരക്കുള്ള സ്ഥലങ്ങളിൽ പുകവലിക്കുന്നതു മൂലം പുകവലിക്കുന്ന ആൾക്കും അതോടൊപ്പം പരിസരത്തുള്ളവർക്കും അത് ഹാനിവരുത്തുന്നു. ഇതുമൂലം പുകവലി ശീലമില്ലാത്തവർക്കും തത്വത്തിൽ പുകവലികൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ നേരിടേണ്ടിവരും. അതിനാൽ പൊതുസ്ഥലത്തെ പുകവലി ഒരു സാമൂഹ്യവിരുദ്ധ പ്രവർത്തനവുമാണ്.

********

### കുട്ടികളുടെ വ്യായാമവിരക്തി

## ആരോഗ്യ പ്രശ്നങ്ങൾക്ക് വഴിവെയ്ക്കും



കുട്ടികൾക്ക് വ്യായാമത്തോടുള്ള താത്പര്യം കുറഞ്ഞുവരുന്നതായി സർവേ റിപ്പോർട്ട്. ഇത് ചെറുപ്പകാലത്തു തന്നെ അമിതവണ്ണം ഉണ്ടാകുന്നതിനും അതിനോടനുബന്ധമായുള്ള മറ്റ് അസ്വാസ്ഥ്യങ്ങൾക്കും കാരണമാകുമെന്നും റിപ്പോർട്ടു പറയുന്നു.

ബ്രിട്ടീഷ് ഹേർട്ട് ഫൗണ്ടേഷൻ 8-15 പ്രായപരിധിയിലുള്ള ആയിരത്തിലധികം കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ നടത്തിയ സർവേ റിപ്പോർട്ടാണ് ഈ വസ്തുതകൾ വ്യക്തമാക്കുന്നത്. മൂന്നിലൊന്നോളം കുട്ടികൾ കായിക അധ്വാനം ആവശ്യമായ കളികളിൽ പോലും പങ്കെടുക്കുവാൻ ഇഷ്ടപ്പെടുന്നില്ല. കൂടാതെ വ്യായാമം എന്നത് പൊണ്ണത്തടിയൻമാർ മാത്രം ചെയ്യേണ്ട കാര്യമാണെന്ന ധാരണ ഉള്ളവരാണ് 20 ശതമാനം കുട്ടികളും.

കുട്ടികളുടെ ഭക്ഷണക്രമവും ആശങ്ക ജനിപ്പിക്കുന്നതായി റിപ്പോർട്ടു പറയുന്നു. കൊഴുപ്പ് ധാരാളം അടങ്ങിയ പലവിധ സ്നാക്സുമായി കുട്ടികൾ ടിവി, കമ്പ്യൂട്ടർ എന്നിവയ്ക്കു മുന്നിൽ മണിക്കൂറുകളോളം ചെലവഴിക്കുന്നു. ഇങ്ങനെ പോയാൽ 2050ഓടെ മൂന്നിൽ രണ്ടു കുട്ടികളും അമിതവണ്ണവും ഭാരവുമുള്ളവരായി മാറും.

ശാരീരികാധ്വാനത്തോട് കുട്ടികളിൽ വിരക്തി ഉണ്ടാകുന്നത് അവർ അലസരും ആത്മവിശ്വാസമില്ലാത്തവരും ആയി മാറുവാൻ ഇടയാക്കും. അതിനാൽ കുട്ടികളെയും ഒപ്പം മാതാപിതാക്കളെയും ഇക്കാര്യങ്ങളിൽ ബോധവത്ക്കരിക്കുവാൻ കാമ്പെയ്നുകൾ സംഘടിപ്പിക്കുമെന്നും ബ്രിട്ടീഷ് ഹേർട്ട് ഫൗണ്ടേഷൻ പറയുന്നു.

********